## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;7208 — 16.07.2012ൽ മറുപടിക്ക്

### ജില്ല മാറിയുള്ള ദുരിതാശ്വാസ സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യുവും കയറും വകുപ്പ് മന്ത്രി) |
| ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷിച്ച് ഉത്തരവ് ലഭിച്ചപ്പോൾ കണ്ണൂർ ജില്ലയിലേയ്ക്ക് നൽകേണ്ട ഉത്തരവ് കാസർഗോഡ് കളക്ടർക്ക് നൽകിയതുമൂലം നാളിതുവരെ എത്രപേർക്കാണ് സഹായം ലഭ്യമാക്കാൻ കഴിയാതെ വന്നതെന്നും ഇവർക്ക് സഹായം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, എങ്കിൽ പ്രസ്തുത സാമ്പത്തിക സഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചു കൊണ്ടുള്ള സ.ഉ. (ആർ.ടി.) നം.2744/2012 /റവ തീയതി 17.05.2012 ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കണ്ണൂർ ജില്ലക്കാരനായ നാറാത്ത് ചാലവളപ്പിൽ ശ്രീ. കെ.വി. മുഹമ്മദിന് അനുവദിച്ച രണ്ടായിരം രൂപ വിതരണം ചെയ്യുന്നതിനായി ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവ്യക്തമായ മേൽവിലാസമുള്ള അപേക്ഷകളിൽ ജില്ല മാറി ധനസഹായം അനുവദിച്ച് ഉത്തരവായാലും ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലയിലേയ്ക്ക് ഉത്തരവ് കൈമാറി തുക വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ